## തമ്പാനൂരിൽ കെ. ടി. ഡി. സി. ഹോട്ടൽ നിയമനത്തിൽ പട്ടിക ജാതി–പട്ടിക വർഗ്ഗക്കാർക്കുള്ള പ്രാതിനിധ്യം

773 [937] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തമ്പാനൂരിൽ പുതുതായി ആരംഭിക്കാൻ പോകുന്ന കെ. ടി. ഡി. സി. ഹോട്ടലിൽ ആളുകളെ നിയമിക്കുമ്പോൾ പട്ടികജാതി–പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പുവരുത്താൻവേണ്ട നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങൾ എപ്പോൾ നടക്കും?

### ഉത്തരം

(എ) പട്ടികജാതി–പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രാതിനിധ്യം നൽകുന്നതാണ്.

(ബി) പണി പൂർത്തിയായിക്കഴിഞ്ഞാലുടൻ നിയമനം നടത്തുന്നതാണ്.

## ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

774 [938] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണുള്ളത്;

(ബി) കോർപ്പറേഷന്റെ കീഴിലുള്ള ഓരോ സ്ഥാപനങ്ങളുടെയും കഴിഞ്ഞ 4 വർഷക്കാലത്തെ ലാഭനഷ്ടക്കണക്ക് മേശപ്പുറത്തു വയ്ക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ ആരാണ്;

(ഡി) ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടറെ ഈ സ്ഥാനത്തു നിയമിച്ചത് എന്നാണ്;

(ഇ) ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി പ്രസ്തുത വ്യക്തി നിയമിക്കപ്പെട്ടശേഷം കോർപ്പറേഷനു നഷ്ടം സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ?

### ഉത്തരം

(എ) 1. മസ്ക്കറ്റ് ഹോട്ടൽ, തിരുവനന്തപുരം.
2. ആരണ്യനിവാസ്, തേക്കടി.
3. പെരിയാർ ഹൗസ്, തേക്കടി.



LIBRARY ARCHIVES Kerala Legislative Assembly